9

# ശമര്യക്കാരുടെ ഇടയിൽ പാർക്കൽ

## (4:16-18)

കിണറ്റിനരികിൽവെച്ചു ശമര്യക്കാരി സ്ത്രീയുമായുള്ള യേശുവിന്റെ ചർച്ചയിലെ നിർണ്ണായക പോയിന്റായിരുന്നു, അവളോടു ഭർത്താവിനെ വിളിച്ചുകൊണ്ടുവരുവാൻ പറഞ്ഞത്. അവൾക്കു ഭർത്താവ് ഇല്ലെന്നു അവൾ പറഞ്ഞപ്പോൾ യേശു പറഞ്ഞു, " 'എനിക്കു ഭർത്താവില്ല' എന്നു നീ പറഞ്ഞതു ശരി, അഞ്ചു ഭർത്താക്കന്മാർ നിനക്കുണ്ടായിരുന്നു; ഇപ്പോൾ ഉള്ളവനോ ഭർത്താവല്ല; നീ പറഞ്ഞതു സത്യം തന്നേ എന്നു യേശു പറഞ്ഞു" (4:17, 18). നാനാവിധമാക്കിയ വിവാഹങ്ങളും, ശിഥിലീകരിക്കപ്പെട്ട ഉടമ്പടികളും അവളുടെ ഭൂതകാലം താറുമാറാക്കുകയും ഭാവി നശിപ്പിക്കയും ചെയ്തു.[1] ഒരു കാര്യം തീർച്ചയായിരുന്നു; അവളുടെ ജീവിതം നിയന്ത്രണാതീതമായിപോയിരുന്നു.

കിണറ്റിനരികിൽ കണ്ട സ്ത്രീ സുഖാർ പട്ടണത്തിലെ പ്രത്യേകതയുള്ളവളായിരുന്നോ ഇല്ലയോ എന്നു നമുക്ക് അറിയില്ല. അവളുടെ സാഹചര്യം ആ പട്ടണത്തിലെ ആളുകളുടെ നെറ്റി ചുളിക്കുവാൻ ഇടയാക്കിയോ, അല്ലെങ്കിൽ അവളുടെ ജീവിതശൈലി ഒരു ശരാശരി പൗരന്റേതു പോലെ ആയിരുന്നോ? ഒരുപക്ഷെ നമുക്ക് ഒരിക്കലും അറിയാൻ കഴിഞ്ഞെന്നു വരികയില്ല. എങ്ങനെയായാലും, ഇന്നു നാം ജീവിക്കുന്ന സമൂഹത്തിൽ, ശമര്യക്കാരിയുടെ അനുഭവം സാധാരണയായ ഒന്നാണ്. ഇന്നത്തെ പോക്കു കണ്ടാൽ, അമേരിക്കയിലെ 50 ശതമാനം വിവാഹവും വിവാഹമോചനത്തിലെത്തുവാനാണ് സാധ്യത. ബഹുഭാര്യാത്വം അമേരിക്കയിൽ കുറ്റകരമാണെങ്കിലും, നമുക്കു ചുറ്റും ഒരു സമയം ഒന്നിലധികം പങ്കാളികളുമൊത്തു കഴിയുക, എന്നതാണ് "ഗൗരവമായ ബഹുഭാര്യാത്വം." നാം ജീവിക്കുന്ന സംസ്ക്കാരത്തോടു സഭ ഇഴുകിച്ചേരുന്നു എന്നതാണ് നമ്മെ വേദനിപ്പിക്കുന്നത്. അക്കാരണത്താൽ, ശമര്യക്കാരി സ്ത്രീയോടുള്ള സന്ദേശം നാം "ശമര്യക്കാർക്കിടയിൽ പാർക്കുന്ന" ആളുകളായി എടുക്കണം.

ഇന്നു "ശമര്യക്കാർ" ക്കിടയിൽ താമസിക്കുവാൻ, നമുക്കു ആദ്യം ചില വിവരങ്ങൾ ആവശ്യമാണ്. ഇതു നമ്മുടെ യാത്രയുടെ അന്തിമല

ക്ഷ്യമല്ല, എന്നാൽ അതു ആവശ്യമായ ആദ്യത്തെ നിർത്തലാണ്.

### ഒരു ഇരട്ട സമർപ്പണം

വിവാഹബന്ധം വേർപെടുത്താൻ ആഗ്രഹിക്കുന്ന ദമ്പതികളോടു ഞാൻ സംസാരിക്കുമ്പോൾ. അവർ ഇതുപോലെയുള്ള പ്രസ്താവനകൾ നടത്തും: "ഞങ്ങളുടെ ബന്ധം വളരെ കുഴപ്പത്തിലാണ്, പുറത്തു കടക്കുന്നതാണ് സന്തോഷപ്രദം. വളരെ പണിപ്പെടേണ്ട വിവാഹത്തിൽ എന്തിനു ഒന്നിച്ചു ജീവിക്കണം? ഓ! ഇക്കാലത്ത് ആരാണ് അങ്ങനെ ഒന്നിച്ചു ജീവിക്കുന്നത്?" അതു ലോകത്തിലുള്ളവരിൽനിന്നു പ്രതീക്ഷിക്കാം, എന്നാൽ ക്രിസ്ത്യാനികളിൽ നിന്നു അധികവും പ്രതീക്ഷിക്കയില്ല. അത്തരം ആശയം പിശാചിന്റേതാണ്, തിരുവെഴുത്തു ക്രിസ്ത്യാനികൾക്കു ഉയർന്ന നിലവാരമാണ് നല്കിയിരിക്കുന്നത്.

വിശ്വാസികൾക്കുള്ള ദൈവികനിലവാരം, പൗലൊസ് പറഞ്ഞിരിക്കുന്നു,

> ദുർന്നടപ്പുകാരോടു സംസർഗം അരുതു എന്നു ഞാൻ എന്റെ ലേഖനത്തിൽ നിങ്ങൾക്കു എഴുതീട്ടുണ്ടല്ലോ. അതു ഈ ലോകത്തിലെ ദുർന്നടപ്പുകാരോടോ; അത്യാഗ്രഹികളോടോ, പിടിച്ചുപറിക്കാരോടോ, വിഗ്രഹാരാധികളോടോ അരുതു എന്നല്ലല്ലൊ; അങ്ങനെ എങ്കിൽ നിങ്ങൾ ലോകം വിട്ടു പോകേണ്ടിവരും. എന്നാൽ സഹോദരൻ എന്നു പേർപെട്ട ഒരുവൻ ദുർന്നടപ്പുകാരനോ, അത്യാഗ്രഹിയോ, വിഗ്രഹാരാധിയോ, വാവിഷ്ടാണക്കാരനോ, മദ്യപനോ, പിടിച്ചുപറിക്കാരനോ ആകുന്നു എങ്കിൽ അവനോടു സംസർഗം – അരുതു; അങ്ങനെയുള്ളവരോടുകൂടെ ഭക്ഷണം കഴിക്കപോലും അരുതു എന്നത്രേ ഞാൻ നിങ്ങൾക്കു എഴുതിയത്. പുറത്തുള്ളവരെ വിധിപ്പാൻ എനിക്കു എന്തു കാര്യം? നിങ്ങൾ അകത്തുള്ളവരെ അല്ലയോ വിധിക്കുന്നത്? പുറത്തുള്ളവരെ ദൈവം വിധിക്കുന്നു. *ആ ദുഷ്ടനെ നിങ്ങളുടെ ഇടയിൽനിന്നു നീക്കിക്കളവിൻ* (1 കൊരിന്ത്യർ 5:9–13; എംഫസിസ് മൈൻ).

ഈ വാക്യങ്ങളിൽ ഒരു "ഇരട്ട നിലവാരം" വ്യക്തമായും കാണാം. ക്രിസ്ത്യാനികൾ അധാർമ്മികരായ ക്രിസ്ത്യാനികളോടു സംസർഗം പുലർത്തുവാൻ പാടില്ല, എന്നാൽ അധാർമ്മികരായ അ – ക്രൈസ്തവരുമായി സംസർഗം അനുവദിക്കുന്നുമുണ്ട്. എന്തുകൊണ്ട്? കാരണം ക്രിസ്ത്യാനികളിൽ നിന്നു ഇനിയും കൂടുതൽ പ്രതീക്ഷിക്കുന്നു. "എല്ലാവരും അതു ചെയ്യുന്നുണ്ടല്ലൊ" എന്നു പറഞ്ഞു ക്രിസ്ത്യാനി തന്റെ പ്രവൃത്തി ന്യായീകരിക്കുമ്പോൾ, നാം പ്രതികരിക്കണം, "അതെ, നാം ക്രിസ്ത്യാനികളായതുകൊണ്ടു അവരേക്കാൾ കൂടുതൽ ദൈവം നമ്മിൽനിന്നു പ്രതീക്ഷിക്കുന്നു!"

പൗലൊസ് റോമർക്കു ലേഖനം എഴുതുമ്പോൾ, ആദ്യത്തെ പതിനൊന്നു അദ്ധ്യായങ്ങളിൽ പ്രശ്നങ്ങളും ഉപദേശപരമായ നിർദ്ദേശങ്ങളും ഉൾക്കൊള്ളിച്ചിരിക്കന്നു. പിന്നെ അവൻ ഈ വാക്കുകളാൽ

പെരുമാറ്റ പ്രശ്നങ്ങളെ പറഞ്ഞു തുടങ്ങി:

> സഹോദരന്മാരേ, ഞാൻ ദൈവത്തിന്റെ മനസ്സലിവു ഓർപ്പിച്ചു നിങ്ങളെ പ്രബോധിപ്പിക്കുന്നത്, നിങ്ങൾ ബുദ്ധിയുള്ള ആരാധനയായി നിങ്ങളുടെ ശരീരങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിനു പ്രസാദവുമുള്ള യാഗവുമായി സമർപ്പിപ്പിൻ. ഈ ലോകത്തിന്നു അനുരൂപപ്പെടാതെ നന്മയും പ്രസാദവും പൂർണ്ണതയുമുള്ള ദൈവഹിതം ഇന്നതെന്നു തിരിച്ചറിയേണ്ടതിന്നു മനസു പുതുക്കി രൂപാന്തരപ്പെടുവിൻ **(**റോമർ 12:1, 2**)**.

ജെ. ബി. ഫിലിപ്സ് എന്ന അറിയ - പ്പെട്ട ആൾ ഈ വാക്യത്തിന്റെ തർജിമ നൽകുന്നത്, **"**ലോകം അതിന്റെ അച്ചിലിട്ടു ഞെരുക്കിക്കളയുവാൻ നിങ്ങൾ അനുവദിക്കരുത്.**"** ലോകം ഒരു വഴിക്കും, ക്രിസ്ത്യാനികൾ ആയിത്തീരേണ്ടതു മറ്റൊരു രീതിയിലുമാണ്. നമ്മുടെ ജീവിതത്തിൽ നാം പിൻപറ്റേണ്ടതു ദൈവത്തോടുള്ള ഭക്തിയാണ്, അതു ലോകത്തിനു സ്വീകാര്യമല്ല.

പൗലൊസ് വീണ്ടും **"**ജഡത്തിന്റെ പ്രവൃത്തികളും**"** **"**ആത്മാവിന്റെ ഫലങ്ങളും**"** ഓർപ്പിച്ചു ലോകത്തിന്റെ വഴി ക്രിസ്ത്യാനിയുടെ വഴിക്കു എതിരാണ് എന്നു പറഞ്ഞിരിക്കുന്നു:

> ജഡത്തിന്റ പ്രവൃത്തികളോ: ദുർന്നടപ്പു, അശുദ്ധി, ദുഷ്ക്കാമം, വിഗ്രഹാരാധന, ആഭിചാരം, പക, പിണക്കം, ജാരശങ്ക, ക്രോധം, ശാഠ്യം, ദ്വന്ദപക്ഷം, ഭിന്നത, അസൂയ, മദ്യപാനം, വെറിക്കൂത്ത് മുതലായവ എന്നു വെളിവാകുന്നു; ഈ വക പ്രവൃത്തിക്കുന്നവർ ദൈവരാജ്യം അവകാശമാക്കുകയില്ല എന്നു ഞാൻ മുമ്പേ പറഞ്ഞതുപോലെ ഇപ്പോഴും നിങ്ങളോടു മുൻകൂട്ടി പറയുന്നു. ആത്മാവിന്റെ ഫലമോ, സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, പരോപകാരം, വിശ്വസ്തത, സൗമ്യത, ഇന്ദ്രിയ - ജയം, ഈ വകക്കു വിരോധമായി ഒരു ന്യായപ്രമാണവുമില്ല **(**ഗലാത്യർ 5:19-23**)**.

ഒരു ദൈവപൈതൽ ജീവിക്കുന്നതും ലോകപ്രകാരമുള്ള പൈതൽ ജീവിക്കുന്നതും തമ്മിൽ വളരെ അന്തരമുണ്ട്.; അവർ രണ്ടു പേരും രണ്ടു വ്യത്യസ്തപാതകളിലുടെയാണ് സഞ്ചരിക്കുന്നത്. നമ്മുടെ സംസ്ക്കാരത്തിൽ നിന്നു നാം മറി - കടന്നു - പോകുന്നു എന്ന വ്യത്യാസമല്ല നമ്മെ അതിശയിപ്പിക്കുന്നത്, പിന്നെയോ, നാം മറ്റുള്ളവരെപോലെ ആകുന്നതാണ് നമ്മെ അതിശയിപ്പിക്കുന്നത്! **"**ജഡത്തിന്റെ പ്രവൃത്തികളും**"** **"**ആത്മാവിന്റെ ഫലങ്ങളും**"** എത്രമാത്രം വിവാഹത്തിൽ പ്രായോഗികമെന്നു നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ? അതുകൊണ്ടു, ക്രിസ്ത്യാനിയുടെ വിവാഹജീവിതവും, അ - ക്രൈസ്തവ വിവാഹജീവിതവും തമ്മിൽ അല്പവ്യത്യാസം നാം പ്രതീക്ഷിക്കുന്നു.

### ഒരു ആയുഷ്ക്കാല സമർപ്പണം

വിവാഹമോചനത്തെ ദൈവം വെറുക്കുന്നതായി മലാഖി എഴുതി

യിരിക്കുന്നു: " 'ഞാൻ ഉപേക്ഷണം വെറുക്കുന്നു' എന്നു യിസ്രായേലിന്റെ ദൈവമായ യഹോവ അരുളിച്ചെയ്യുന്നു. അതു ചെയ്യുന്നവൻ 'തന്റെ വസ്ത്രം സാഹസം കൊണ്ടു മൂടുന്നു' എന്നു സൈന്യങ്ങളുടെ യഹോവ അരുളിചെയ്യുന്നു. ആകയാൽ 'നിങ്ങളുടെ ഉള്ളിൽ അവിശ്വസ്തതകാണിക്കാതിരിക്കേണ്ടതിന്നു സൂക്ഷിച്ചുകൊൾവിൻ' " (മലാഖി 2:16). ഈ വാക്യം തെറ്റായി വായിക്കാതിരിക്കുവാൻ ശ്രദ്ധിച്ചു കൊൾവിൻ. ദൈവം ഉപേക്ഷണം നടത്തിയവരെ വെറുക്കുന്നു എന്നല്ല അവിടെ പറഞ്ഞത്; ദൈവം ഉപേക്ഷണത്തെ വെറുക്കുന്നു എന്നാണ് അവിടെ പറഞ്ഞിരിക്കുന്നത്! ദൈവദൃഷ്ടിയിൽ, ഉപേക്ഷണം ഒരു കരാർ ലംഘനമാണ്. അതിനു പുറമേ, ദൈവം കൂട്ടി യോജിപ്പിച്ചതിനെ അവർ വേർപെടുത്തുകയാണ്. യേശു പറഞ്ഞു, "ആകയാൽ ദൈവം യോജിപ്പിച്ചതിനെ മനുഷ്യൻ വേർപിരിക്കരുതു" (മർക്കൊസ് 10:9). ഒരു പുരുഷനു ഒരായുസിൽ ഒരു ഭാര്യ എന്നതാണ്, ദൈവത്തിന്റെ ആരംഭം മുതലുള്ള പദ്ധതി. ലോകത്തിന്റെ വഴി വേറെയായതുകൊണ്ടു അതു എളുപ്പമല്ല എന്നു അവനറിയാം, എന്നാൽ ഇതാണ് ഏറ്റവും നല്ല വഴി എന്നവനറിയാം. തൽഫലമായി, ആ നിലവാരമനുസരിച്ചു ജീവിക്കുവാൻ ദൈവം തന്റെ ജനത്തോടു ആവശ്യപ്പെടുന്നു.

ഒന്നാം നൂറ്റാണ്ടിൽ കൊരിന്തിലെ ആളുകൾ അധാർമ്മികരായി ജീവിച്ചപ്പോൾ ഈ നിലവാരം പിടിച്ചുകൊൾവാനാണ് പൗലൊസ് പറഞ്ഞത് (1 കൊരിന്ത്യർ 7:10–16). ക്രിസ്ത്യാനികളായിത്തീരാത്ത പങ്കാളികളുള്ള കൊരിന്ത്യയിലെ ശിഷ്യന്മാരോടു അവരുടെ വിവാഹബന്ധം തുടരുവാനാണ് അവൻ പറഞ്ഞത്. അത്തരം ബന്ധങ്ങൾ പ്രയാസമുള്ളതായിരുന്നു, അവരുടെ പങ്കാളികളുടെ അന്യദേവന്മാരുടെ സ്വാധീനം ഒഴിവാക്കുവാൻ ബന്ധം വേർപെടുത്തുവാൻ പോലും അവർ ഒരുപക്ഷെ ആലോചിച്ചിരിക്കാം. ആ ക്രിസ്ത്യാനികൾ തങ്ങൾ ചെയ്ത വിവാഹ ഉടമ്പടിയിൽ തന്നെ കഴിയുന്നതാണ് നല്ലതെന്നു പൗലൊസ് പറഞ്ഞു. വീണ്ടും തന്റെ ജനം ഒരു ഉയർന്ന നിലവാരം പിടിച്ചുകൊള്ളണമെന്നാണ് ദൈവം ആഗ്രഹിക്കുന്നത്. തന്റെ ജനം തങ്ങളുടെ വിവാഹകരാറിനോടു വിശ്വസ്തത പുലർത്തുവാൻ ദൈവം ഇഛിക്കുന്നു.

### ഒരു സാമൂഹ്യ സമർപ്പണം

ഒരു ഡാനിഷ് തത്വചിന്തകനായിരുന്ന സോറെൻ കിയെർക്കെഗാർഡ് എഴുതി, "ഒരു ക്രിസ്തീയ ദേശത്ത് വിവരലഭ്യതക്കുറവില്ല; മറ്റെന്തോ ആണു കുറവുള്ളത്, അത്, ഒരാൾക്കു മറ്റൊരാളോടു ആശയവിനിമയം നടത്തുവാൻ കഴിയുന്നില്ല എന്നതാണ്."[2]

ശമര്യക്കാർക്കിടയിൽ താമസിക്കുവാൻ ആദ്യം വേണ്ടതു ശരിയായവിവരം ആണോ എന്നതാണ് "മറ്റെന്തോ ആണ്." എന്റെ അറിവിൽ പെട്ടിടത്തോളം ഉപേക്ഷിക്കേണ്ടിവരും എന്നോർത്തു ആരും വിവാഹത്തിലേക്കു പ്രവേശിക്കുന്നില്ല. റേഡിയോയിൽകൂടെ കേൾക്കുന്ന പാട്ടുകളിലും "എന്നേക്കും" "എല്ലായ്പ്പോഴും" എന്ന വാക്കുകൾ. കോളേജിൽ പഠിക്കുന്ന – പ്രായമുള്ള കുട്ടികൾക്ക് വിവാഹത്തിനുമുമ്പു

കൗൺസിലിങ്ങ് കൊടുക്കാറുണ്ട്. ഞങ്ങൾ ഉപേക്ഷണത്തെ കുറിച്ചു പറയുമ്പോൾ, അവർ വായ് തുറക്കുന്നതിനുമുമ്പു തന്നേ എന്തു പറയുമെന്നു എനിക്കറിയാം. "ഞങ്ങൾ ഉപേക്ഷണത്തിൽ വിശ്വസിക്കുന്നില്ല," അവർ തറപ്പിച്ചു പറയും, "ഞങ്ങൾക്കു ഉപേക്ഷണം തിരഞ്ഞെടുക്കാവുന്ന ഒന്നല്ല." വിവാഹജീവിതം തുടങ്ങുമ്പോൾ അവർക്ക് അറിയാമെങ്കിൽ, എന്തുകൊണ്ടു വിവാഹമോചനം നടക്കുന്നു? ശരിക്കും വിവരത്തേക്കാൾ മറ്റെന്തോ കുറവുണ്ട്.

ഉലഞ്ഞുപോയ വിവാഹബന്ധങ്ങളും നഷ്ടപ്പെട്ടു പോയ ആ കുറവ്, സഭ ആണെന്നു ഞാൻ വിശ്വസിക്കുന്നു. ആദ്യമായി, ഒരു സമൂഹത്തിലാണ് ആളുകൾ ഒരുമിച്ചു ജീവിക്കുന്നതു, ക്രിയാത്മകമായ നല്ല സമ്മർദ്ദവുമുണ്ടാകും. നമ്മൾ എപ്പോഴും കൂടിവരുന്നതു നാല്പതും അറുപതും വർഷം ഒരുമിച്ചു ജീവിച്ചവരുമായിട്ടാണ്, അതു കാണുമ്പോൾ നമുക്കു ധൈര്യമുണ്ടാകും. വിവാഹജീവിതത്തിൽ പോരാട്ടം അനുഭവപ്പെടുന്നവരും നമുക്കു ഉത്തേജനം നല്കും, കാരണം അവർ പ്രശ്നപരിഹാരത്തിനു വളരെ പണിപ്പെടുന്നു എന്നതാണ്.

നമ്മുടെ ചെറിയ കുടുംബങ്ങൾ, പോരാട്ടങ്ങളിലും അല്ലാത്തപ്പോഴും, അതിജീവിച്ച്, മുമ്പോട്ടു ജീവിക്കുന്നത് സഭയിലായതുകൊണ്ടു സഭ വിവാഹബന്ധത്തിൽ പ്രധാനമാണ്. പലപ്പോഴും, അമേരിക്കൻ ക്രിസ്ത്യാനികൾ, വിവാഹജീവിതത്തിൽ വിവരങ്ങൾക്കു മാത്രമായി സഭയെ കാണുന്നു, എന്നാൽ അതിനേക്കാൾ കൂടുതലാണ്. ഉപദേശത്തിനും, സെമിനാറിനും, വർക്ക്ഷോപ്പിനും ഉറ്റു നോക്കുകയും, അവയിൽനിന്നു വിവരങ്ങൾ ശേഖരിച്ചു വീട്ടിൽ പോയി സഭയിലെ ശേഷിച്ചവരിൽ നിന്നു മാറി പ്രായോഗികമാക്കുവാൻ ശ്രമിക്കുന്നു. നമ്മുടെ വിവാഹജീവിതത്തെ സഭയുടെ ഭാഗമാകുവാൻ അനുവദിക്കുന്നതാണ് ബൈബിൾ മാതൃക.

കുടുംബത്തിന്റെ പരിശീലനകേന്ദ്രമാകണം എന്നു പൗലൊസ് തിത്തൊസിനു ലേഖനം എഴുതുമ്പോൾ പറയുന്നു, യുവതികൾ എങ്ങനെ ക്രിസ്തീയ ഭാര്യമാരും അമ്മമാരും ആകണമെന്നു പ്രായമുള്ള സ്ത്രീകൾ പഠിപ്പിക്കണം (തിത്തൊസ് 2:1-5). ഒരു സഭ ആ രീതിയിൽ പ്രവൃത്തിക്കുമ്പോൾ, അപക്വതയിലുള്ളവരും യുവാക്കളും, അവരുടെ പ്രായത്തിൽ ആവശ്യമായ അനുഭവം, സഹായം എന്നിവക്കായി സഭയെ ആശ്രയിക്കും. കുഴപ്പങ്ങൾ നേരിടുമ്പോൾ ഓരോരുത്തരും ആവശ്യമുള്ളതു പങ്കിടുന്നു. ഉപേക്ഷ, അല്ലെങ്കിൽ മോശമായ പെരുമാറ്റം സംഭവിക്കുമ്പോൾ, വ്യക്തികൾ അവരുടെ സ്വഭാവത്തിനു കണക്കു കൊടുക്കേണ്ടവരാണ് എന്നു "കുടുംബാംഗങ്ങൾ" ബോധ്യപ്പെടുത്തുന്നു. "അവർ ഞങ്ങളുടെ ഇരുണ്ട നിമിഷങ്ങളിൽ ഞങ്ങളോടൊപ്പം നിന്നു പോരാട്ടത്തിൽ ഞങ്ങളോടൊപ്പം നടന്നു, അവർ ഞങ്ങൾക്കു കുടുംബം ആയിരുന്നു!" എന്നു സഭയെ പറഞ്ഞു കേൾക്കുമ്പോൾ ഞാൻ പ്രോൽസാഹിക്കപ്പെടാറുണ്ട്.

അത്തരം ആവശ്യമായ ബന്ധങ്ങൾ സഭയിൽ വളരുകയാണെങ്കിൽ, ദമ്പതികൾക്കു ആവശ്യമുള്ള സഹായത്തിന്നു അവർ സഭയുമായി ബന്ധപ്പെടും. ഒരുകാര്യം ഉറപ്പാണ്, അവർ പ്രായം ചെന്ന ദമ്പതിമാ

രുടെ അനുഭവസമ്പത്ത് കേൾക്കുമ്പോൾ അതിശയിച്ചു പോകും. നിങ്ങൾക്കാവശ്യമുള്ള ബുദ്ധിപരമായ നിർദ്ദേശങ്ങളും ആലോചനകളും ലഭിക്കുവാൻ അവരെ വീട്ടിലേക്കു ക്ഷണിക്കുകയും അവരുമായി ഭക്ഷണം കഴിക്കയും സമയം ചെലവിടുകയും ചെയ്യുന്നതു വളരെ പ്രയോജനം ചെയ്യും. മിസിസിപ്പിയിലെ ഒരു ടൗണിൽ പ്രവൃത്തിക്കുവാനായി വിവാഹം കഴിഞ്ഞു അധികം ആകാത്ത ഞാനും എന്റെ ഭാര്യയുമായി പോയി. അവിടെ ഞങ്ങൾക്കു പരിചയമുള്ള ആരും തന്നെ ഇല്ലായിരുന്നു. ഉടനെ ഞങ്ങളേക്കാൾ മുപ്പതു വയസ്സു പ്രായം ചെന്ന ദമ്പതിമാർ ആദ്യത്തെ രണ്ടു വർഷം ഞങ്ങളെ താമസിപ്പിച്ചു ഞങ്ങൾക്കു ആഹാരവും നൽകി. ലാറിയും വിന്നി മുറേയും ഞങ്ങളോടൊപ്പം ഭക്ഷിക്കുകയും, കളിക്കുകയും, സംസാരിക്കുകയും, സഭയിൽ പോകുകയും ചെയ്തു. സഭ കുടുംബങ്ങളോടു എങ്ങനെയായിരക്കണം എന്നു ചിന്തിക്കുമ്പോൾ ആ മനോഹരമായ ദമ്പതിമാരുടെ സ്നേഹം എന്റെ മനസിലേക്കു വരും.

കുഴപ്പം ആരംഭിക്കുന്നതിനു മുമ്പു ദമ്പതിമാർ ക്രിസ്തീയസ്നേഹിതരുമായി ശക്തമായ ഒരു സൗഹൃദബന്ധം സ്ഥാപിക്കണം. വിവാഹബന്ധം പ്രശ്നത്തിലാകുമ്പോൾ ഗുണകരമായ സൗഹൃദബന്ധം സ്ഥാപിക്കുവാൻ സാധ്യമല്ല. സഭാപ്രസംഗിയിലെ ഉപദേഷ്ടാവു യുവാക്കളെ ഉപദേശിക്കുന്നതു, **"**നിന്റെ യൗവനകാലത്തു നിന്റെ സ്രഷ്ടാവിനെ ഓർത്തുകൊൾക; ദുർദ്ദിവസങ്ങൾ വരികയും, 'എനിക്കു ഇഷ്ടമില്ല' എന്നു നീ പറയുന്ന കാലം സമീപിക്കയും ചെയ്യും**"** **(**സഭാപ്രസംഗി 12:1**)**. കുഴപ്പങ്ങൾ വരുന്നതിനുമുമ്പു അവയെ നേരീടാൻ ഒരുങ്ങണം, ബുദ്ധിമുട്ടുണ്ടാകുന്നതിനു മുൻപാണ് സൗഹൃദബന്ധം സ്ഥാപിക്കേണ്ടത്.

### ഉപസംഹാരം

ഈ സമയത്ത് അല്പം നിർത്തിയിട്ടു നിങ്ങളുടെ വാഗ്ദാനങ്ങൾ പുനപ്രതിജ്ഞ നടത്തുക. നിങ്ങളുടെ പങ്കാളിയുടെ അല്ലെങ്കിൽ മക്കളുടയോ കൈ പിടിച്ചു, അവരെ ആയുഷ്ക്കാലം മുഴുവൻ സ്നേഹിക്കുമെന്നു സമർപ്പണം നടത്തുക.

---

കുറിപ്പുകൾ

[1]യോഹന്നാന്റെ സുവിശേഷത്തിൽ വെളിപ്പെടുത്തുന്ന പരമ്പരകളുടെ മദ്ധ്യത്തിൽ പ്രസംഗിച്ച പ്രസംഗത്തിന്റെ ഉദാഹരണമാണ് ഈ പാഠം. ശമര്യക്കാരി സ്ത്രീ, അവരുടെ അഞ്ചുവിവാഹങ്ങൾ മനോഹരമായ വിഷയാത്മക പ്രസംഗം ഒരു ആയുഷ്ക്കാല വിവാഹ ഉടമ്പടിയി – ന്മേൽ നൽകുന്നു. തൽഫലമായി, കിണറ്റിനരികിൽ ഉള്ള ആ സ്ത്രീയുടെ സംഭവത്തിൽനിന്ന് മനസ്സിലാക്കുന്ന കാര്യങ്ങൾ അടുത്തയാഴ്ച്ചവരെ കോരാവുന്ന വെള്ളം നമുക്കുലഭിച്ചുവെന്നു ഞാൻ ഇടവകയിൽ പറയാറുണ്ട്. [2]ഫ്റെഡ് ബി. ക്രാഡോക്ക്, *ഓവർഹിയറിങ്ങ് ദ ഗോസ്പ്പൽ* **(**നാഷ്വിലെ, ടെൻ.: അബിങ്ഡൺ പ്രസ്, 1978**)**, 9.



© 2009 Truth for Today